## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 170** — **30.11.2015 ന് മറുപടിയ്ക്ക്**

## മദ്യ-മയക്കുമരുന്ന് വിരുദ്ധ കൂട്ടായ്മക്ക് സർക്കാർ സഹായം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി**<br>**,, കെ.എം.ഷാജി**<br>**,, പി.ബി. അബ്ദുൾ റസാക്**<br>**,, സി.മമ്മൂട്ടി :** | **ശ്രീ. കെ. ബാബു**<br>**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി)** |
| (എ) സ്ത്രീകളുടെയും നാട്ടുകാരുടെയും കൂട്ടായ്മയിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ മദ്യമയക്ക മരുന്ന് ഉപഭോഗത്തിനെതിരെ പ്രതിരോധം തീർക്കുകയും ചില കോളനികളും വാർഡുകളും മദ്യവിമുക്തമാക്കുകയും ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സ്ത്രീകളുടെയും നാട്ടുകാരുടെയും കൂട്ടായ്മയിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ മദ്യമയക്ക മരുന്ന് ഉപഭോഗത്തിനെതിരെ പ്രതിരോധം തീർക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ വാർഡുകളും കോളനികളും മദ്യവിമുക്തമാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) എങ്കിൽ ഈ കൂട്ടായ്മയ്ക്ക് എക്സൈസ്/ പോലീസ് വിഭാഗങ്ങളിൽ നിന്നും എന്തൊക്കെ സേവനങ്ങളും സഹായ ങ്ങളും ലഭ്യമാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) ഇത്തരത്തിലുള്ള കൂട്ടായ്മയ്ക്ക് എക്സൈസ് വകുപ്പിൽ നിന്നും സേവനങ്ങളും സഹായങ്ങളും നിലവിൽ ലഭ്യമാക്കി വരുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് കോളനികളിലും ഗ്രാമങ്ങളിലും പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളുമായി സഹകരിച്ച് വിവിധ തരത്തിലുള്ള ബോധവത്ക്കരണ പ്രവർത്തന ങ്ങൾ നടത്തി വരുന്നുണ്ട്. കുടുംബശ്രീ യൂണിറ്റുകളിലും, പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾ കേന്ദ്രീ കരിച്ചും മദ്യത്തിനും മയക്കുമരുന്നിനുമെതിരെ സെമിനാറുകളും ക്ലാസ്സുകളും സംഘടിപ്പിക്കുകയും ടി സ്ഥലങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള പരാതികളിന്മേൽ അടിയന്തിര പരിഹാര നടപടികൾ കൈക്കൊള്ളുക യും ചെയ്തു വരുന്നു. കൂടാതെ ആദിവാസിമേഖല കളിൽ നിന്നും തെരഞ്ഞെടുത്ത അംഗങ്ങൾക്ക് എക്സൈസ് അക്കാഡമിയിൽ നിന്നും മദ്യമയക്ക മരുന്നിനെതിരെ ബോധവത്ക്കരണം സംബന്ധിച്ച് പ്രത്യേക പരിശീലനവും നൽകി വരുന്നുണ്ട്.<br><br>വ്യാജമദ്യ ഉല്പാദന, മയക്കുമരുന്നു വില്പന എന്നിവയുമായി ബന്ധപ്പെട്ട വിവരങ്ങൾ നല്കുന്നവരുടെ വിവരം പോലീസ് വകുപ്പ് |

| | | | |
|---|---|---|---|
| | | | രഹസ്യമായി സൂക്ഷിക്കുന്നുണ്ട്, ഈ വിവരങ്ങൾ പോലീസ് സഹായകരമായ രീതിയിൽ പ്രയോജനപ്പെടുത്തി വരുന്നു. നിയമപരമായ രീതിയിൽ വിവരങ്ങൾ നല്കുന്നവർക്ക് പോലീസ് എല്ലാവിധ സഹായങ്ങളും ലഭ്യമാക്കുന്നുമുണ്ട്. |
| (സി) | സർക്കാരിന്റെ മദ്യനയം വിജയിപ്പിക്കുന്ന കാര്യത്തിൽ ഇത്തരം സാമൂഹ്യ കൂട്ടായ്മകൾക്ക് എല്ലാവിധ സഹായവും സുരക്ഷയും നൽകാൻ നടപടി സ്വീകരിക്കുമോ? | (സി) | മദ്യവർജ്ജനത്തിലൂന്നി ഘട്ടംഘട്ടമായ മദ്യനിരോധനത്തിലൂടെ 'മദ്യരഹിത കേരളം' എന്ന ലക്ഷ്യം കൈവരിക്കുക എന്നതാണ് സർക്കാരിന്റെ മദ്യനയം. ആയത് കൈവരിക്കുന്നതിനായി സന്നദ്ധസംഘടനകളുടെയും സാമൂഹ്യ കൂട്ടായ്മകളുടെ സഹായ സഹകരണം നിലവിൽ ബോധവത്ക്കരണത്തിനായി പ്രവർത്തന വകുപ്പ് പ്രയോജനപ്പെടുത്തുന്നുമുണ്ട്. മദ്യലഹരി വിരുദ്ധ ബോധവത്ക്കരണ പ്രവർത്തനത്തിന് കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി, കെ.എസ്.ബി.സി-യുടെ വരുമാനത്തിൽ നിന്നും അനുവദിച്ചിട്ടുള്ള 3.5 കോടി രൂപ, ഡീ-അഡിക്ഷൻ സെന്ററുകൾക്ക് ധനസഹായം നൽകുന്നതിനായി മാറ്റിവച്ചിട്ടുണ്ട്. പ്രസ്തുത തുക ഈ രംഗത്ത് ഗണ്യമായ സംഭാവന നൽകിവരുന്ന സർക്കാർ, സർക്കാരിതര സംഘടന (എൻ.ജി.ഒ) കളെ സഹായിക്കുന്നതിനായി, മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അനുവദിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**